Vol-1,N0:11
30-06-2007

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

പ്രധാനവാർത്തകൾ

01. മാറുന്ന വിദ്യാഭ്യാസ സംസ്കാരം : ബിഷപ് തോമസ് ചക്യത്ത്.
02. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ അവകാശം നിഷേധിക്കരുത്: മാർ പവ്വത്തിൽ.
03. സ്കൂൾ വിദ്യാഭ്യാസ ചുമതല പഞ്ചായത്തുകളെ ഏൽപ്പിക്കുന്നത് ചരിത്രപരമായ മണ്ടത്തരം.
04. കേരളം കുടിക്കുന്നു; പതിമൂന്നര വയസ്സുമതുതൽ.
05. പനി : സഭാ സ്ഥാപനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവണം.
06. മത്സ്യബന്ധന സംരക്ഷണ ബില്ലിന് അംഗീകാരം.

## 01. മാറുന്ന വിദ്യാഭ്യാസ സംസ്കാരം:: ബിഷപ് തോമസ് ചക്യത്ത്. (Mathrubhumi 28-06-2007)

(മാതൃഭൂമി ദിനപത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ച മാറുന്ന വിദ്യാഭ്യാസ സംസ്കാരം എന്ന പ്രശസ്ത ലേഖനമാണിത്. അഭിവന്ദ്യ ബിഷപ് മാർ ചക്യത്താണ് ലേഖകൻ. സ്വാശ്രയ വിദ്യാഭ്യാസം സംബന്ധിച്ച സങ്കീർണ്ണമായ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഈ സാഹചര്യത്തിൽ, സാമൂഹ്യ പ്രതിബദ്ധത യോടെ നൽകുന്ന വീക്ഷണങ്ങൾ ചിന്തോദ്ദീപകമാണ്.)

വിദ്യാഭ്യാസ സംസ്കാരം മാറുകയാണ്. പണ്ടു ബ്രിട്ടീഷുകാർ തങ്ങളുടെ ഭരണയന്ത്രം തിരിക്കാൻ പറ്റിയ ഉദ്യോഗസ്ഥരെ സൃഷ്ടിക്കാൻ വേണ്ടി ഉണ്ടാക്കിയ വിദ്യാഭ്യാസപദ്ധതി സമൂലം അഴിച്ചുപണിക്കു വിധേയമാകുന്നു. വിദ്യാഭ്യാസം ഇന്നു സമൂഹത്തിന്റെ സാമ്പത്തിക-സാമൂഹിക ഉയർച്ചയുടെ ഏക കോവണിയായി മാറിക്കഴിഞ്ഞു. അതിന്റെ സ്വാഭാവിക പരിണിതഫലമെന്നവിധം സാധാരണ സ്കൂളുകളിൽ വരെ അദ്ധ്യാപകർ നന്നായി പഠിപ്പിക്കാനും കുട്ടികൾ ഉത്സാഹത്തോടെ പഠിക്കാനും തുടങ്ങിയിരിക്കുന്നു. നല്ല അദ്ധ്യയനവും അച്ചടക്കവുമുള്ള സ്കൂളുകൾ നോക്കി രക്ഷിതാക്കൾ കുട്ടികളെ ചേർക്കുന്നു. സമരപഠനങ്ങളുടെ കേന്ദ്രങ്ങളും ഗ്രാമീണ വിദ്യാർത്ഥികളെ മണ്ടന്മാരായി മുദ്രകുത്തുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ഭാവിയില്ലാതായി.

ഒരു പുതിയ വിദ്യാഭ്യാസ സംസ്കാരത്തിന്റെ ജന്മം ഉണ്ടാക്കുന്ന വേദനകൾ നമ്മുടെ സമൂഹം അനുവദിക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു വന്നുചേർന്ന പ്രാധാന്യവും ഈ മാറ്റത്തിന്റെ ഭാഗമാണ്. കേരളത്തിൽ അതിനുള്ള സൗകര്യങ്ങൾ ഇല്ലാതായപ്പോൾ രക്ഷിതാക്കൾ കുട്ടികളെ വലിയ പണച്ചെലവോടെ മറ്റു സംസ്ഥാനങ്ങളിലയച്ചു. തന്മൂലം കോടിക്കണക്കിനു പണമാണു വർഷംതോറും കേരളത്തിൽനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിയത്. അങ്ങനെയൊരു അവസ്ഥയിലാണു പണമില്ലാത്ത സർക്കാർ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയത്. അതോടെ കേരളത്തിൽ സർക്കാരിന്റെ പണച്ചെലവില്ലാത്ത 11 മെഡിക്കൽ കോളേജുകളും 49 എൻജിനീയറിംഗ് കോളേജുകളും 58 ബി.എസ്.സി. നേഴ്സിംഗ് കോളേജുകളും മറ്റു പല സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളും ഉടലെടുത്തു. കാക്കനാട്ടുള്ള രാജഗിരി

എൻജിനീയറിംഗ് കോളേജ് കെട്ടിപ്പടുക്കാൻ ഭൂമി ഒഴിച്ചു വന്ന ചെലവ് 26 കോടിയിലധികമാണ്. ഇത്ര മാത്രം മെഡിക്കൽ എൻജിനീയറിംഗ്, നേഴ്സിംഗ് കോളേജുകൾ കെട്ടിപ്പടുക്കാൻ സ്വകാര്യമേഖലയിൽ നിന്നുള്ള വലിയ മുതൽമുടക്കു വല്ലവരും കണക്കാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. ഈ നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും നാടിന്റെ പുരോഗതിക്കുമാണ് ഇത് എന്ന് അംഗീകരിക്കാനോ, ആദരിക്കാനോ കഴിയാത്ത ഒരു വ്യാജ വിപ്ലവചിന്ത നമ്മെ ഭരിക്കുന്നു. അടുത്തകാലത്ത് ഇന്ത്യയിലെ നിലവാരമുള്ള കോളേജുകളെക്കുറിച്ചു നടത്തിയ പഠനത്തിൽ കേരളത്തിൽ നിന്ന് ഒറ്റ സ്ഥാപനംപോലും എണ്ണപ്പെട്ടില്ല എന്നതു നാം ശ്രദ്ധിക്കണം. രാജിഗിരി എൻജിനീയറിംഗ് കോളേജ് തങ്ങളുടെ കമ്പ്യൂട്ടർ വിദ്യാർത്ഥികൾക്ക് അത്യാധുനികമായ ഒരു സെർവർ വാങ്ങിയതിന്റെ വില 75 ലക്ഷം രൂപയാണ്. നിലവാരമുള്ളതും പ്രൊഫഷണലുമായ വിദ്യാഭ്യാസം ചെലവേറിയതായിരിക്കുന്നു. എന്നാൽ, ഉത്തരവാദിത്വരഹിതവും ഭാവി ദിശാബോധമില്ലാത്തതുമായ മുദ്രാവാക്യം വിളിക്കുന്ന തഴക്കത്തിൽ നമ്മളും നമ്മുടെ യുവജനസംഘടനകളും ആമഗ്നരാകുന്നു. സൗജന്യ വിദ്യാഭ്യാസം തഴുകിയ നാടാണു നമ്മുടേത്. നിലവാരമുള്ള വിദ്യാഭ്യാസം ചെലവുള്ളതാണെന്നും അതു രക്ഷാകർത്താക്കൾ കൊടുക്കാതെ വിദ്യാഭ്യാസം നടക്കില്ലെന്നും അംഗീകരിക്കാൻ മാനസികമായി നാം തയ്യാറായിട്ടില്ല. ഇതിൽ നിന്നുളള അനിവാര്യമായ മാററത്തിൻെറ വേദനകളും സംഘർഷങ്ങളുമാണു നാം കാണുന്നത്. ഈ മാറ്റത്തെ കച്ചവട ലക്ഷ്യത്തോടെ മാത്രം കാണുന്ന അപകടവുമുണ്ട്. സാമ്പത്തിക സൗകര്യങ്ങളുള്ളവർ അതു കൊടുത്തു പഠിക്കണമെന്ന് എല്ലാവരും ഇന്ന് ഏതാണ്ടു തത്വത്തിൽ അംഗീകരിച്ച പ്രതീതിയുണ്ട്. എങ്കിലും, എങ്ങനെയെങ്കിലും നല്ല വിദ്യാഭ്യാസം സൗജന്യമായി ലഭിക്കാൻ കഴിയുന്നിടത്തോളം സമ്മർദ്ദം ചെലുത്തുന്ന യാഥാർത്ഥ്യബോധമില്ലാത്ത തന്ത്രം സർക്കാർ ഉപയോഗിക്കുന്നു. യുക്തിഭദ്രമല്ലാത്ത ഈ സമീപനം കയ്യടി വാങ്ങാൻവേണ്ടി മാത്രമുള്ളതാണ്. ഇവിടെ പാവപ്പെട്ടവന്റെ പേരുപറഞ്ഞു പണക്കാരെ വെറുതെ പഠിപ്പിക്കാൻ സർക്കാർ ദല്ലാളുപണി ചെയ്യുന്നതു മനസ്സിലാകുന്നില്ല. സർക്കാർ ക്വോട്ടയും സർക്കാരിന്റെ എൻട്രൻസ് പരീക്ഷയും വ്യക്തമായി പണക്കാരുടെ പക്ഷം പിടിക്കുന്ന ഏർപ്പാടുകളായിരിക്കുന്നു. മെറിറ്റ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങളും അതിന്റെ പരീക്ഷകളും നഗരങ്ങളിൽ പണക്കാർക്കു മാത്രം വഴങ്ങുന്നതല്ലേ എന്നു ചിന്തിക്കണം. സർക്കാർ നടത്തുന്ന പത്താം ക്ലാസ്സ്, പ്ലസ് ടൂ പരീക്ഷകൾ പാസ്സായി വരുന്ന കുട്ടികൾക്കു മെറിറ്റ് നിശ്ചയിക്കാൻ പിന്നെ ഒരു എൻട്രൻസ് പരീക്ഷ എന്തിന് എന്ന് ആരും ചോദിക്കുന്നില്ല. തമിഴ്നാട് സർക്കാരും കോടതിയും ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന പുരോഗമനപരവും ഗ്രാമീണരായ പാവങ്ങൾക്കു സഹായകവുമായ സംവിധാനം കേരള സർക്കാർ ശ്രദ്ധിക്കുമോ?

മെറിറ്റിൽ പ്രവേശനം കിട്ടുന്നവരെയെല്ലാം സൗജന്യമായി പഠിപ്പിച്ചുകൊള്ളണം എന്നത് എന്തു നീതിയുടെ പേരിലാണ് എന്നു മനസ്സിലാകുന്നില്ല. മെറിറ്റിൽ പ്രവേശനം കിട്ടുന്ന പണക്കാരിൽനിന്ന് ആനുപാതികമായി ഫീസ് ഈടാക്കുന്നതിൽ എന്താണു തെറ്റ്? പാവങ്ങളുടെ പക്ഷത്ത് എന്ന് അവകാശപ്പെടുന്ന സർക്കാർ മെറിറ്റിൽ പ്രവേശനം കിട്ടുന്ന പാവപ്പെട്ട കുട്ടികൾക്കുവേണ്ടി എന്തു ചെയ്യുന്നു? ഈ നാട്ടിലെ സാധാരണക്കാരന്റെ പോലും നികുതിപ്പണംകൊണ്ടു പണക്കാരെ പഠിപ്പിക്കേണ്ടതുണ്ടോ എന്നു ചിന്തിക്കണം. ഈ നാട്ടിൽ സർക്കാരിൻെറ പണം കൊണ്ടു പഠിപ്പിക്കുന്ന ഒരു സീററിൽപോലും പാവപ്പെട്ടവനു സംവരണമില്ല, എന്നതും ശ്രദ്ധേയമാണ്.

പാവപ്പെട്ടവരുടെ പണംകൊണ്ടു പണക്കാരെ പഠിപ്പിക്കുന്ന ക്രോസ് സബ്സിഡി പാടില്ല എന്നു സുപ്രീംകോടതി വിധിച്ചിട്ടും കോടതികൾ പുരോഗമനവിരുദ്ധമാണ് എന്നു പറഞ്ഞ് അതംഗീകരിക്കാത്ത ഒരു സർക്കാരാണ് ഇവിടെയുള്ളത്. ഓരോ കോളേജിനും സ്വന്തമായ ഫീസ് ഘടന ആകാമെന്നു സുപ്രീംകോടതി പറഞ്ഞത് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകാനാണ്. അഴിമതി നടക്കുന്നുണ്ടോ എന്ന് അന്വേഷിക്കാനും അഡ്മിഷൻ സംബന്ധിച്ചു പരസ്പര ധാരണയോടെ സമവായം സൃഷ്ടിക്കാനും സർക്കാരിനും അതിന്റെ നിയമാനുസൃത കമ്മിറ്റികൾക്കും അവകാശമുള്ളപ്പോഴും അതു സ്ഥാപനത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കലാകരുത്. പ്രവേശനം സംബന്ധിച്ച വസ്തുനിഷ്ഠമാനദണ്ഡങ്ങൾ വേണം. അതനുസരിച്ചു പ്രവേശനം നൽകാനുള്ള അവകാശം സുപ്രീംകോടതി മാനേജുമെന്റുകൾക്കാണു നൽകിയിട്ടുള്ളത്.

കേരളത്തിലെ പത്തു കത്തോലിക്കാ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെ 2007–08–ലെ പ്രോസ്പെക്ടസ് വ്യക്തമാക്കുന്ന പ്രവേശനമാനദണ്ഡങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 10 കുട്ടികൾക്ക് ഒരു സമയം ഒരു കോളേജിൽ നൂറു ശതമാനം ഫീസിളവു നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്നു കത്തോലിക്കാ മെഡിക്കൽ കോളേജുകളിലും പാവപ്പെട്ട കുട്ടികളിൽ 25 ശതമാനത്തിനു സൗജന്യ മെഡി ക്കൽ വിദ്യാഭ്യാസം നൽകുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.. ഗ്രാമീണരായ വിദ്യാർത്ഥികളോടു നീതി പുലർത്തുന്നതും അവശ വിഭാഗങ്ങൾക്കു പ്രവേശനപരിരക്ഷ നൽകുന്നതും എൻട്രൻസ് പരീക്ഷയിൽ കുറഞ്ഞ റാങ്ക് കിട്ടിയതും എന്നാൽ, പ്ലസ് ടൂ പരീക്ഷയിൽ 90 ശതമാനം മാർക്കു കിട്ടിയതുമായ കുട്ടിക്കു പ്രവേശന പ്രതീക്ഷ നൽകുന്നതുമായ വസ്തുനിഷ്ഠ മാനദണ്ഡങ്ങളുടെ സുതാര്യമായ ഒരു പ്രവേശനവ്യവസ്ഥിതിയാണു കത്തോലിക്കാ എൻജിനീയറിംഗ് മാനേജുമെന്റ് അസോസിയേഷൻ നടപ്പിലാക്കുന്നത്. ഫീസ് ഘടനയ്ക്കു പുറമേയാതൊരുവിധ പണമിടപാടും പാടില്ലെന്ന മെത്രാന്മാരുടെ നിർദ്ദേശം അക്ഷരംപ്രതി നടപ്പിലാക്കുന്നതും, അവശവിഭാഗങ്ങളുടെ പ്രവേശനംപോലും അതതു തലങ്ങളിലെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടത്താവൂ എന്നു നിഷ്കർഷിക്കുന്നതുമായ ഈ നിർദ്ദേശങ്ങളെ അട്ടിമറിക്കാനാണ് ഇപ്പോൾ സർക്കാർ ശ്രമിക്കുന്നത്. തികച്ചും വസ്തുനിഷ്ഠവും ആർക്കും എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമായ ഈ സംവിധാനം സാമൂഹികനീതി ഉറപ്പുവരുത്തുന്നതും ഏവർക്കും സ്വീകാര്യവുമായ ഒന്നാണ്. നൂറു ശതമാനം വിദ്യാർത്ഥികൾക്കും മെറിററടിസ്ഥാനത്തിൽത്തന്നെ പ്രവേശനം ലഭിക്കുന്നു എന്നത് ഇതിൻെറ പ്രത്യേകതയാണ്. സർക്കാരിന് 50 ശതമാനം സീറ്റ് കിട്ടണം, ബാക്കി 50 ശതമാനംകൊണ്ട് എന്തു കച്ചവടവും ആയിക്കോ എന്ന സമീപനം വളരെ ഖേദകരമാണ്.

ചില മെഡിക്കൽ കോളേജുകളുമായി സർക്കാർ ഉറപ്പിച്ച സമവായ ഫീസിനു താഴെയാണു കത്തോലിക്കാ മെഡിക്കൽ കോളേജുകളുടെ ഇപ്പോഴത്തെ ഫീസ് വ്യവസ്ഥ. മാത്രമല്ല, ഫീസിനു പുറമേ വേറെയാതൊരു ലോൺ തുടങ്ങിയ പണമിടപാടുകളും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ നടത്തുന്ന സ്വാശ്രയ എൻജിനീയറിംഗ് കോളേജിലെ 50 ശതമാനം സർക്കാർ ക്വോട്ടയിലെ കുട്ടികൾക്ക് തുച്ഛമായ 4,800 രൂപ ഫീസ് ഈടാക്കുമ്പോൾ 15 ശതമാനം എൻ. ആർ. ഐ സീററു കഴിച്ചു ബാക്കിയുള്ള 35 ശതമാനം കുട്ടികൾക്ക് 50,000 രൂപ ഫീസും 1.25 ലക്ഷം രൂപയുടെ ഡെപ്പോസിറ്റും വാങ്ങുന്നത് എന്തു നീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്?

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെക്കുറിച്ചു കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ബില്ലിന് എന്തു പററി എന്ന് എല്ലാവർക്കുമറിയാം. അന്നു കേരളത്തിലുണ്ടായിരുന്ന വികാരങ്ങളല്ല ഇന്നുള്ളതും. എങ്കിലും രാഷ്ട്രീയക്കാരിലും വിദ്യാർത്ഥി സംഘടനകളിലും ഇനിയും യാഥാർത്ഥ്യബോധം വന്നിട്ടുണ്ടോ എന്ന ആശങ്കയുണ്ട്. വിദ്യാഭ്യാസം വെടിഞ്ഞ് കൊടിപിടിക്കാൻ ചെറുപ്പക്കാർ മനസ്സാകാത്ത കാലമാണിത്. അവരുടെ ഭാവി മുരടിപ്പിക്കുന്ന ചരിത്രപരമായ വിഡ്ഢിത്തങ്ങൾ ആവർത്തിക്കേണ്ടതുണ്ടോ? ഒരു മുപ്പതു കൊല്ലങ്ങൾക്കു മുമ്പു കേരളത്തിൽ ഒരു വ്യവസായ സംരംഭത്തിനു കല്ലിടുന്നതോടെ തൊഴിലാളി യൂണിയന്റെ സമരക്കൊടിയും ഉയർന്നിരുന്നു. അതു നമ്മെയും തൊഴിലാളികളെയും എവിടെ എത്തിച്ചു? വിചിത്രമെന്നു പറയട്ടെ ഇന്നു തൊഴിലാളി പ്രസ്ഥാനം തന്നെ കമ്പോളത്തിനു പൂർണ്ണമായി വിധേയപ്പെട്ട സ്ഥിതിയിലാണ്. വിദ്യാഭ്യാസ സംരംഭങ്ങളുടെ മുമ്പിൽ ചില വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന സമരങ്ങൾ ഇതുപോലെയല്ലേ എന്നു സംശയിക്കുന്നു.

ജനാധിപത്യ സമൂഹത്തിൽ കണ്ടുവരുന്ന അനാരോഗ്യകരമായ ഒരു സമീപനമാണു വ്യാജ സമത്വബോധം. എനിക്കില്ലാത്തതു നിനക്കു പാടില്ല, കാരണം നാം സമന്മാരാണ്! ഞാൻ ഷർട്ടിടാത്തതുകൊണ്ടു നീയും അത് ഇടാൻ പാടില്ല. ആരെയും ശരാശരിക്കു മുകളിലേക്കു വളരാൻ അനുവദിക്കാത്ത ലെവലിംഗ് പ്രത്യയശാസ്ത്രമാണിത്. ഇതു സാമുദായിക അസൂയയായും മാറാം. ഞങ്ങൾക്കില്ലാത്തതു നിങ്ങൾക്കും പാടില്ല! പാവങ്ങളുടെ പേരുപറഞ്ഞുള്ള ചില മുറവിളികളിൽ പരോക്ഷമായി വളരാൻ അനുവദിക്കാത്ത വ്യാജ സമത്വബോധത്തിന്റെ അസൂയ നിലകൊള്ളുന്നു. അവനും അവൾക്കുമാകാമെങ്കിൽ എനിക്കും എന്തുകൊണ്ടായിക്കൂടാ

എന്ന ആരോഗ്യകരമായ വളർച്ചയുടെയും മത്സരത്തിന്റെയും മുന്നേറ്റമാണു വേണ്ടത്. ഇതിനു കമ്മ്യൂണിസം വിലങ്ങുതടിയായതിന്റെ ദുരന്തമായിരുന്നു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ വികസനമുരടിപ്പും ദാരിദ്ര്യത്തിന്റെ പങ്കുവയ്ക്കലും. എല്ലാവർക്കും നീതി ഉറപ്പാക്കാൻ ഭരണഘടന വ്യവസ്ഥചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ അംഗീകരിക്കുകയില്ല എന്ന പിടിവാശി എന്തടിസ്ഥാനത്തിലാണെന്ന ബന്ധപ്പെട്ടവർ വ്യക്തമാക്കേണ്ടതാണ്.

സാമൂഹികനീതി നടപ്പാക്കുക എന്നതു മാനേജുമെൻറുകളുടെ മാത്രം ബാദ്ധ്യതയാകരുത്. മാനേജുമെൻറുകളേക്കാൾ അതിനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്.സർക്കാർ നടത്തുന്ന പ്രവേശനപരീക്ഷയിൽ നിന്ന് എല്ലാ വർഷവും ലഭിക്കുന്ന കോടികളുടെ ലാഭം അതിനായി ഉപയോഗിക്കാവുന്നതാണ്. സർക്കാർ സീററുകൾ പാവപ്പെട്ടവർക്കായി സംവരണം ചെയ്യുന്നതും സർക്കാർ സീററിൽ പഠിക്കുന്ന സമ്പന്നരിൽ നിന്നു യഥാർത്ഥ ചെലവു ഫീസായി വാങ്ങി പാവപ്പെട്ടവർക്കു സ്കോളർഷിപ്പു നൽകുന്നതും ആലോചിക്കേണ്ടതാണ്.

ഇതിനർത്ഥം കഴുത്തറപ്പൻ മുതലാളിത്തത്തിനു നാം വിധേയരാകണം എന്നല്ല. മനുഷ്യനെ വെറും സാമ്പത്തികജീവിയായി വെട്ടിച്ചുരുക്കിയും മനുഷ്യസംസ്കാരത്തെ വെറും വ്യവസായമാക്കുകയും മനുഷ്യനെ വെട്ടിപ്പിടിക്കുന്ന കൈയേറ്റമായി സ്വാതന്ത്ര്യം മാറുകയും ചെയ്യുന്ന കമ്പോളത്തിനു നാം കീഴടങ്ങരുത്. മനുഷ്യമഹത്വത്തിന്റെയും അപരനെ ദേവതുല്യം ആദരിക്കുന്ന ഉദാത്തചിന്തയുടെയും ക്ഷേത്രങ്ങളായി വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലനിൽക്കണം. വിദ്യാഭ്യാസം ലാഭത്തിന്റെ ഗണിതശാസ്ത്രപഠനമാകാതെ പരിപക്വമായ മാനവികതയുടെ രൂപീകരണമാകണം. നമ്മുടെ സ്വാശ്രയ-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യ വിൽക്കുന്ന വെറും മാർക്കറ്റാകാതെ സംസ്കാരത്തിന്റെ അച്ചുകൂടങ്ങളും നാളെയുടെ മാനവികതയുടെ പണിപ്പുരകളുമാകണം. അതിന് ഇന്നു നാം നേരിടുന്ന പ്രവേശനം, ഫീസ് തുടങ്ങിയ നിസ്സാരവും കടന്നുപോകുന്നതുമായ പ്രശ്നങ്ങൾ വീക്ഷണമഹത്വത്തോടെ പരസ്പരം മനസ്സിലാക്കുന്ന അന്തരീക്ഷത്തിൽ സംഭാഷണ സമവായത്തിലൂടെ അതിജീവിച്ചു മുന്നേറാൻ കഴിയണം. അവിടെ രാഷ്ട്രീയ-സാമ്പത്തിക ലാഭനഷ്ടങ്ങളേക്കാൾ കേരളത്തിന്റെയും അതിലെ യുവാക്കളുടെയും നല്ല ഭാവി കണ്ടു കാര്യങ്ങൾ തീരുമാനിക്കാൻ വിവേകമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

## 02. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ അവകാശം നിഷേധിക്കരുത്: മാർ പവ്വത്തിൽ (Deepika-22-06-2007)

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച ചർച്ചകളിൽ, ന്യൂന പക്ഷങ്ങൾ ആരംഭിച്ചിരിക്കുന്ന കോളേജുകളിൽ തങ്ങളുടെ യോഗ്യരായ കുട്ടികൾക്ക് ന്യായമായ ഫീസിൽ പഠിക്കാനുള്ള അവകാശം നിഷേധിക്കുന്ന നിലപാട് അംഗീകരിക്കാനാവില്ലായെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ പ്രസ്താവിച്ചു.

അമ്പതു ശതമാനം സീറ്റിൽ സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ നിന്നുള്ള വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കണമെന്നു പറയുമ്പോൾ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ മേൽ മൂന്നുതലത്തിലുള്ള അധിക നികുതി ചുമത്തപ്പെടുകയാണ്. സർക്കാരിനു നികുതി കൊടുക്കുന്ന അവർ കോളേജ് കെട്ടിപ്പടുക്കാൻ വൻ തുക മുടക്കേണ്ടി വരുന്നു. കൂടാതെ സ്വന്തം പഠന ചെലവും വഹിക്കേണ്ടി വരുന്നു. ഇത് അനീതിയാണ്. ന്യൂനപക്ഷങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും തകർക്കാനുള്ള മാർഗ്ഗമാണിത്. ഭരണഘടനാനുസൃതം തങ്ങളുടെ കുട്ടികൾക്കും സാംസ്കാരികവും മതപരവും ധാർമികവുമായ പരിശീലനം നൽകാൻ കൂടിയാണ് പണം സമാഹരിച്ചും വൻ തുക കടമെടുത്തും ന്യൂനപക്ഷങ്ങൾ കോളേജുകൾ ആരംഭിച്ചിരിക്കുന്നത്. അവരുടെ മേൽ അന്യായമായി സർക്കാർ ലിസ്റ്റിലെ വിദ്യാർത്ഥികളുടെ പഠനചെലവുകൂടി അടിച്ചേൽപിക്കുന്നത് നീതി നിഷേധവും ന്യൂനപക്ഷ പീഡനവുമാണ്. ഇങ്ങനെയുള്ള ക്രോസ് സബ്സിഡി അംഗീകരിക്കാനാവില്ലെയെന്ന് കോടതിയും

വ്യക്തമാക്കിയിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ മതപരവും ധാർമികവുമായ ബോധനം നൽകി നില നിൽക്കാനുള്ള വേദികൂടിയാണ് അവരുടെ കോളേജുകൾ. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ തങ്ങളുടെ യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകേണ്ടത് അത്യാവശ്യമാണ്, ഒപ്പം പരമാവധി മറ്റു സമു ദായാംഗങ്ങൾക്കു പ്രത്യേകിച്ച് പിന്നോക്കകാർക്കും പ്രവേശനം നൽകും. പാവപ്പെട്ട വിദ്യാർത്ഥ്യകൾക്ക് പഠന സൗകര്യം ഏർപ്പെടുത്താൻ എല്ലാവരുടെയും സഹകരണമാണ് ആവശ്യം. ഇതിനുള്ള ഉത്തരവാ ദിത്വം ആദ്യമായി സർക്കാരിനുള്ളതാണ്. മാനേജ്മെന്റുകൾ 25 ശതമാനം സീറ്റുകളിൽ വിദ്യാർത്ഥികളെ സ്ക്കോളർഷിപ്പ് നൽകി പഠിപ്പിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ ഏർപ്പെടുത്താനും കഴിയണം. അല്ലാതെ വിദ്യാർത്ഥികളുടെ പഠനചെലവു മുഴുവൻ തങ്ങളുടെ കുട്ടികൾക്ക് പരിശീലനം നൽകാനായി കോളേജുകൾ ആരംഭിച്ചിരിക്കുന്ന ന്യൂനപക്ഷത്തിന്റെ തലയിൽ കെട്ടി വയ്ക്കു ന്നത് അനീതിയാണ്.

03. സ്കൂൾ വിദ്യാഭ്യാസ ചുമതല പഞ്ചായത്തുകളെ ഏൽപിക്കുന്നത് ചരിത്രപരമായ മണ്ടത്തരം

(Janmabhumi 25-06-2007)

സ്കൂൾ വിദ്യാഭ്യാസ ചുമതല പഞ്ചായത്തുകൾക്ക് നൽകുന്നത് ഇടതുപക്ഷ സർക്കാരിന്റെ തീരുമാനം ചരിത്രപരമായ വിഡ്ഢിത്തമാണെന്ന് ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ അഭിപ്രായപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം പഞ്ചായത്തുകളെ ഏൽപ്പിക്കരുത്, വിദ്യാഭ്യാസത്തെ തകർക്കുന്ന കേരള പാഠ്യ പദ്ധതി ചട്ടക്കൂട് പുനഃപരി ശോധിക്കുക എന്നീ ആവശ്യങ്ങൾ മുൻനിറുത്തി പൊതുവിദ്യാഭ്യാസ സംരക്ഷണവേദി, കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ എറണാകുളം ഭാരതീയ വി ദ്യാഭവൻ ഹാളിൽ സംഘടിപ്പിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാ രിക്കുകയായിരുന്നു അദ്ദേഹം.

റോഡുകൾ സംരക്ഷിക്കാനോ വികസിപ്പിക്കാനോ പോലും കഴിവില്ലാത്ത പഞ്ചായത്തുകളെ വിദ്യാ ഭ്യാസം ഏൽപിക്കുന്നത് ഹാനികരമാകും. പാവപ്പെട്ട കുട്ടികളെ തെണ്ടികളും ഗുണ്ടകളും ആക്കിതീർക്കുന്ന നടപടിയാണിത്. സർക്കാരിന്റെ ഈ വിദ്യാഭ്യാസനയം ഭാരതത്തെ രണ്ടായി പിളർക്കും. വിദ്യാഭ്യാസ സമ്പ ന്നനും വിദ്യാഭ്യാസ ദരിദ്രനുമായി രാജ്യം വിഭജിക്കപ്പെടും. ജനങ്ങളെ ഒരുമിപ്പിക്കാൻ ശ്രമിക്കുന്ന ഗവൺമെന്റ് ഒരേ വിദ്യാഭ്യാസം എല്ലാവർക്കും നൽകുകയാണ് വേണ്ടത്, കൃഷ്ണയ്യർ അഭിപ്രായപ്പെട്ടു. ജനജീവിതത്തിന്റെ അടിസ്ഥാനം സാമ്പത്തിക വളർച്ചയല്ല. എല്ലാ വളർച്ചയുടെയും അടിസ്ഥാനം വിദ്യാഭ്യാസ വളർച്ചയാണ് എന്ന പഴയ തലമുറയുടെ തിരിച്ചറിവ് ഇന്നത്തെ ഭരണാധികാരികൾ വിസ്മരിച്ചിരിക്കുന്നു.

04. കേരളം കുടിക്കുന്നു; പതിമൂന്നര വയസ്സുമതുതൽ. (Malayala Manorama 26-06-2007)

കേരളം പതിമൂന്നര വയസ്സു മുതൽ കുടിച്ചു തുടങ്ങുന്നതായി പഠന റിപ്പോർട്ട്. തിരുവനന്തപുരത്തുള്ള അഡിക് (ആൽക്കഹോളിക് ആൻഡ് ഡ്രഗ്സ് ഇൻഫർമേഷൻ സെന്റർ ഇൻ ഇന്ത്യ) നടത്തിയ പഠനത്തിലാണ് സംസ്ഥാനത്ത് മദ്യ ഉപഭോഗത്തിന്റെ ചെറുപ്പം വ്യക്തമാകുന്നത്. അഡികിന്റെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ എക്സൈസ് സ്റ്റാഫ് അസോസിയേഷൻ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാ ടികൾ ആരംഭിക്കും.

1886-ൽ മദ്യപാനത്തിന്റെ ചുരുങ്ങിയ പ്രായപരിധി 19 ആയിരുന്നെങ്കിൽ 2006-ൽ അത് പതിമൂന്നര വയ സ്സിലെത്തി നിൽക്കുന്നെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നതായി അഡിക് ഡയറക്ടർ ജോൺസൺ കെ. ഇടയാ റൻമുള പറഞ്ഞു. 15 മുതൽ 25 വയസ്സു വരെയുള്ള 6,000 പേരിൽ നടത്തിയ പഠനത്തിലാണ് മദ്യ ഉപയോഗ ത്തിന്റെ പ്രായപരിധി ചുരുങ്ങുന്നതായി കണ്ടെത്തിയത്. 1990 മുതൽ ബിയർ സംസ്കാരം വ്യാപകമായതോടെ യാണ് മദ്യപാനത്തിന് ചെറുപ്പം കൈവന്നത്. ബിയർ മദ്യമല്ലെന്ന പ്രചരണവും ഇതിനുപിന്നിലുണ്ടെന്ന് അഡിക് അധികൃതർ പറഞ്ഞു. 1990-ൽ നടത്തിയ പഠനത്തിൽ മദ്യപാനത്തിന്റെ താഴ്ന്ന പ്രായപരിധി 17 ആയി കുറ ഞ്ഞെങ്കിലും 20 വയസ്സിനു താഴെ മദ്യപിക്കുന്നവരുടെ തോത് വെറും രണ്ടു ശതമാനമായിരുന്നു.

05. പനി : സഭാ സ്ഥാപനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവണം.

(Deepika 22-06-2007)

പടർന്നുപിടിച്ചിരിക്കുന്ന പകർച്ചപ്പനിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പം സഭാ സ്ഥാപനങ്ങളും പങ്കാളികളാവണമെന്ന് ബിഷപ് മാർ തോമസ് ചക്യത്ത് ആഹ്വാനം ചെയ്തു. എറണാകു ളം-അങ്കമാലി അതിരൂപത വികാരി ജനറാൾ എന്ന നിലയിൽ എറണാകുളം ലിസി, അങ്കമാലി എൽ. എഫ് എന്നിവയടക്ക മുള്ള

അതിരൂപതയിലെ പന്ത്രണ്ട് ആശുപത്രികളിലെ ഡയറക്ടർമാർക്ക് അയച്ച കത്തിലാണ് ബിഷപ് ഇക്കാര്യം ചൂണ്ടിക്കാട്ടിയിരിക്കുന്നത്. പനി പ്രതിരോധിക്കാൻ സർക്കാർ പല നടപടികളും സ്വീകരിച്ചു വരികയാണ്. ഇതിനോടകം അനേകം പേർ മരിക്കുകയും പതിനായിരക്കണക്കിനാളുകൾ വിവിധ ആശുപത്രികളിൽ അഭയം പ്രാപിക്കുകയും ചെയ്തു. തെക്കൻ ജില്ലകളിൽ പടർന്നു പിടിച്ച പനി മറ്റു ജില്ലകളിലേക്കും വ്യാപിക്കുകയാണ്.

ഈ സാഹചര്യത്തിൽ സ്വാകാര്യ ആശുപത്രികളും സന്നദ്ധ സംഘടനകളും സർക്കാരിന്റെ പ്രവർത്തനങ്ങളോട് ക്രിയാത്മകമായി സഹകരിക്കണമെന്ന് മാർ ചക്യത്ത് നിർദ്ദേശിച്ചു. പനി പടരുന്ന സാഹചര്യത്തിൽ സഭാ സ്ഥാപനങ്ങളുടെ ഫലപ്രദമായ ഇടപെടലുകൾ സമൂഹത്തിന് ഏറെ ആശ്വാസമേകും. സർക്കാർ ആവശ്യപ്പെടും മുമ്പേ നമ്മുടെ മനസ്സുകൾ അതിനായി ഒരുങ്ങണമെന്ന് മാർ ചക്യത്ത് പറഞ്ഞു. സർക്കാർ ആവശ്യപ്പെട്ടാൽ ഡോക്ടർമാരും നഴ്സുമാരും സാധ്യമായ വിധത്തിലെല്ലാം സഹകരിക്കണമെന്നും ക്യാമ്പുകൾ സംഘടിപ്പിച്ച് ഔഷധങ്ങൾ വിതരണം ചെയ്തു സഹായിക്കണമെന്നും ബിഷപ് കത്തിൽ അഭ്യർത്ഥിച്ചു.

06. മത്സ്യബന്ധന സംരക്ഷണ ബില്ലിന് അംഗീകാരം. (Deepika 22-06-2007)

കേരള വർഷകാല മത്സ്യബന്ധന (സമുദ്രോപരിതലം) സംരക്ഷണ ബില്ലിന് ഗവർണർ അംഗീകാരം നൽകി. ബുധനാഴ്ചയാണ് ബില്ല് നിയമസഭ പാസാക്കിയത്. നിയമം നിലവിൽ വന്നതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇന്നു മുതൽ കടലിൽ പോകാമെന്ന് മന്ത്രി അറിയിച്ചു. ബില്ലിലെ വ്യവസ്ഥകളുടെ ദുരുപയോഗം പൂർണ്ണമായി തടയുമെന്നും അദ്ദേഹം പറഞ്ഞു. സുപ്രീം കോടതി വിധി മറികടക്കുക എന്നത് സർക്കാരിന്റെ അജണ്ടയല്ല. പരമ്പരാഗത വള്ളമുള്ളവർ, പരിഷ്കരിച്ച പരമ്പരാഗത വള്ളവും വലയുമുള്ളവർ എന്നിവർക്ക് ട്രോളിംഗ് നിരോധന കാലത്തും കടലിൽ പോകാൻ അവസരമൊരുക്കുന്നതൊടൊപ്പം, സമുദ്രത്തിന്റെ അടിത്തട്ടിലെ ലാർവയും മുട്ടയും പ്രജനനവും സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.

സുപ്രീം കോടതി വിധി പ്രകാരം 10 കുതിരശക്തിയിൽ കൂടുതലുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ വർഷ കാലത്ത് കടലിൽ പോകുന്നത് വിലക്കിയിരുന്നു. ഇത് ഒഴിവാക്കാനാണ് നിയമനിർമാണം നടത്തിയത്. ചാകര പ്രത്യക്ഷപ്പെടുന്ന മഴക്കാലത്ത് മത്സ്യബന്ധനം പൂർണ്ണമായി നിരോധിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുമെന്നതിനാലും തീരദേശത്ത് പട്ടിണി മരണം ഒഴിവാക്കുന്നതിനുമാണ് നിയമം കൊണ്ടു വന്നതെന്ന് മന്ത്രി പറഞ്ഞു.